4. തിരുവൻവണ്ടൂർ അമ്പലം ഈരാടിച്ചിറ റോഡ് - കി.മീ. 0 മുതൽ 2 വരെ
5. നെടുവരം കോട് - അക്വഡേറ്റ് റോഡ്
6. കോടംതുരുത്ത് റോഡ്
7. കാഞ്ഞിരംനിൽക്കുന്നതിൽപടി ഭ്രതത്താൻ കുന്ന് - ഗുരുമന്ദിരം റോഡ്
8. മൂർത്തിട്ട - മൂർക്കത്തേരി റോഡ്
9. ചേപ്പുഴത്തിൽ അമ്പലം കുന്നത്തൂർ അമ്പലം റോഡ്
10. മഹാത്മാ റോഡ്
11. ചെറുതിട്ടപ്പടി മല്ലശ്ശേരി റോഡ് 0/000 മുതൽ 0/600 വരെ
12. ചെറുതിട്ടപ്പടി മല്ലശ്ശേരി റോഡ് 0/600 മുതൽ 2/100 വരെ

പൂർത്തിയാക്കാനുള്ളത് - ഇല്ല

ആരംഭിച്ചിട്ടില്ലാത്തത് - ഗവൺമെന്റ് ഹോസ്പിറ്റൽ റോഡ്

ഇതുകൂടാതെ 14-7-2015-ലെ ജി.ഒ. (എം.എസ്) 61/2015/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയ 3.88 കോടി രൂപയുള്ള 45 പ്രവൃത്തികളും ആരംഭിക്കാനുണ്ട്. പ്രസ്തുത റോഡുകളെ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പാലങ്ങൾ

275 (4026) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയെന്തെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരിക്കുവാൻ എന്ത് കാലതാമസം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ ഇരമല്ലിക്കര പാലം, മിത്രമഠം പാലം എന്നിവയും കെ.എസ്.ടി.പി.-യുടെ കീഴിൽ പുത്തൻവീട്ടിൽപടി പാലം, കല്ലിശ്ശേരി പാലം, വരട്ടാർ പാലം എന്നിവയുടെയും നിർമ്മാണം നടന്നുവരുന്നു.

(1) ഇരമല്ലിക്കര പാലം - 3 സ്പാനുകളിൽ 2 എണ്ണം പൂർത്തീകരിച്ചു. 3-ാമത്തെ സ്പാനിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(2) മിത്രമഠം പാലം - 6 ബീമുകൾ പൂർത്തീകരിച്ചു. ഒരു സ്പാനിലെ ഡെക്ക് സ്ലാബിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(3) പുത്തൻവീട്ടിൽപടി പാലം - പൈലിംഗ് ജോലി, പൈൽ ക്യാപ്, അബട്ട്മെന്റ് വാൾ, ഡെക്ക് സ്ലാബ് കോൺക്രീറ്റ് എന്നിവ പൂർത്തിയായി.

(4) കല്ലിശ്ശേരി പാലം - 40 പൈലുകളിൽ 32 എണ്ണം പൂർത്തിയാക്കി. ബാക്കി പൈലുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു.

(5) വരട്ടാർ പാലം - 25 പൈലുകളിൽ 15 എണ്ണത്തിന്റെ കാസ്റ്റിംഗ് പൂർത്തിയായി. മറ്റുള്ളതിന്റെ കാസ്റ്റിംഗ് പുരോഗമിച്ചുവരുന്നു.

(ബി) ഇരമല്ലിക്കര പാലത്തിന്റേയും മിത്രമഠം പാലത്തിന്റേയും നിർമ്മാണത്തിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ട് പാലങ്ങളുടെയും കരാറുകാരൻ ഒരാൾ തന്നെയാണ്. മിത്രമഠം പാലത്തിന്റെ പൂർത്തീകരിച്ച പണിയുടെ ബിൽ യുക ഡിസ്ബൗണ്ട് സിസ്റ്റത്തിലൂടെ മാറിക്കിട്ടിയാലുടൻ പണി തുടരുന്നതാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്.

(സി) ഇരമല്ലിക്കര പാലത്തിന്റേയും മിത്രമഠം പാലത്തിന്റേയും നിർമ്മാണം 2015 ഡിസംബറോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുത്തൻവീട്ടിൽപടി പാലം 2015 ആഗസ്റ്റിലും വരട്ടാർ പാലം 2016 ജൂണിലും കല്ലിശ്ശേരി പാലം 2017 മാർച്ചിലും നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

276 (4027) ശ്രീ. പി. സി. .വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിവരുന്ന